ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

18 (*138) ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലക്സ് ബോർഡുകളുടെ ഉപയോഗ ക്രമം സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ നഗര റോഡുകളിൽ അപൂർവ്വമായെങ്കിലുമുള്ള നടപ്പാതകളിലും കാൽ നടയ്ക്കുപയോഗിക്കുന്ന ഭാഗങ്ങളിലും ഫ്ലക്സ് ബോർഡുകളും ബാനറുകളും, കൊടിതോരണങ്ങളും കെട്ടി യാത്ര തടസ്സപ്പെടുത്തുകയും അപകട സാദ്ധ്യത വർദ്ധിപ്പിക്കുകയും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) എങ്കിൽ അതിനു പരിഹാരമുണ്ടാക്കുന്നതിനും, നഗരറോഡുകളിലെ കാൽനടക്കാർക്ക് സുക്ഷിത പാതകളൊരുക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) 6-11-2014-ൽ സ.ഉ.(കൈ) നമ്പർ 194/2014/ത.സ്വ.ഭ.വ. സ.ഉ.(കൈ) നമ്പർ 195/2014/ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകളിൽ ഫ്ലക്സ് ബോർഡുകളുടെ ഉപയോഗക്രമം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. യാത്രാ തടസ്സം സൃഷ്ടിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങളും അപകടസാധ്യതകളും വർദ്ധിപ്പിക്കുന്ന തരത്തിൽ, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മുഴുവൻ പരസ്യങ്ങളും നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly